**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3901** **28-06-2024 - ൽ മറുപടിയ്ക്ക്**

**കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും നാളിതുവരെയായി എത്ര പേർക്കാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. റാങ്ക് പട്ടിക 17.08.2023 തീയതിയിൽ നിലവിൽ വന്നു. ടി റാങ്ക് പട്ടികയിൽ നിന്നും 57 ഉദ്യോഗാർത്ഥികൾക്ക് പി എസ് സി നിയമന ശിപാർശ നൽകിയിട്ടുണ്ട് . 2 ഒഴിവുകളിലേയ്ക്കുള്ള നിയമനശിപാർശ നൽകുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകളിലേക്കാണ് നിയമന ശിപാർശ നൽകുന്നതെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ നിധി ബോർഡ് , കേരള ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് , ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് , കേരള തൊഴിലാളി ക്ഷേമ നിധി ബോർഡ് , സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് , മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡ് തുടങ്ങിയ വിവിധ കമ്പനി/ബോർഡ് / കോർപ്പറേഷനുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യുന്നുണ്ട് . |
| (സി) | കമ്പനി/കോർപ്പറേഷൻ/ബോർഡ് എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിലവിൽ പ്രസ്തുത തസ്തികയിൽ ദിവസവേതനം, കരാർ, ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ജീവനക്കാരുള്ളതെന്ന് വിശദമാക്കാമോ? | (സി) | പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു തരത്തിലുള്ള നിയമനം നടത്താൻ പാടില്ലെന്ന നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ